**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1310** — **30-08-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | **ഈ സർക്കാരിന്റെ കാലത്ത് വിനോദ സഞ്ചാര മേഖലയിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:**<br><br>***ശബരിമല – എരുമേലി - പമ്പ – സന്നിധാനം - സ്പിരിചൽ സർക്യൂട്ട് (പത്തനംതിട്ട ജില്ല):***<br><br>**കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട സ്പിരിചൽ സർക്യൂട്ട് പ്രകാരം അനുവദിച്ച പദ്ധതിയാണ് ശബരിമല – എരുമേലി - പമ്പ – സന്നിധാനം - സ്പിരിചൽ സർക്യൂട്ട്. ഈ പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി പ്രകാരം 10641.62 ലക്ഷം രൂപയാണ് ലഭിച്ചിട്ടുള്ളത്. ഹൈപവർ കമ്മിറ്റി ഫോർ ഇംപ്ലിമെന്റേഷൻ ഓഫ് ശബരിമല മാസ്റ്റർ പ്ലാൻ - തിരുവിതാംകൂർ ദേവസ്വം ബോർഡ് (ടി. ഡി. ബി.) മുഖേനയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.**<br><br>***റൂറൽ സർക്യൂട്ട്- മലനാട്- മലബാർ- ക്രൂയിസ് ടൂറിസം പദ്ധതി (കണ്ണൂർ ജില്ല):***<br><br>**കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട റൂറൽ സർക്യൂട്ട് പ്രകാരം അനുവദിച്ച പദ്ധതിയാണ് മലനാട് - മലബാർ - ക്രൂയിസ് - ടൂറിസം പദ്ധതി. 8037.38 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്. കേരള ഇൻലാൻഡ് നാവിഗേഷൻ വകുപ്പും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി (കെൽ) ലിമിറ്റഡുമാണ് പദ്ധതിയുടെ നിർവഹണ ഏജൻസികൾ.**<br><br>***ഡവലപ്മെന്റ് ഓഫ് സ്പിരിചൽ സർക്യൂട്ട്- ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രഹ്മണ്യ – ചെമ്പഴന്തി ശ്രീ*** |

| | | | |
|---|---|---|---|
| | | | ***<u>നാരായണ ഗുരുകലം ഇൻ കേരള ( തിരുവനന്തപുരം ജില്ല):</u>***<br><br>**കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതി പ്രകാരം അനുവദിച്ച പദ്ധതിയാണ് ഡവലപ്മെന്റ് ഓഫ് സ്പിരിചൽ സർക്യൂട്ട് - ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രഹ്മണ്യ– ചെമ്പഴന്തി ശ്രീ നാരായണ ഗുരുകലം ഇൻ കേരള. 6947 ലക്ഷം രൂപയുടെ ഭരണാനുമതിയാണു ഈ പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്. ഇന്ത്യ ടൂറിസം ഡവലപ്മെന്റ് കോർപറേഷൻ(ഐ. ടി. ഡി. സി.) ആണ് പദ്ധതിയുടെ നിർവഹണ ഏജൻസി.** |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ചതും ഇനി ലഭിക്കാനുള്ളവയും ഏതൊക്കെയെന്നു വിശദമാക്കാമോ? | (ബി) | **കേന്ദ്ര സർക്കാരിന്റെ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്താനായി മൂന്നു പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതികൾ താഴെപ്പറയുന്നവയാണ്.**<br><br>**1. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, മലയാറ്റൂർ അണ്ടർ പ്രസാദ് സ്കീം (പദ്ധതി തുക 29.91 കോടി രൂപ).**<br><br>**2. ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശൂർ (പദ്ധതി തുക 4.29 കോടി രൂപ).**<br><br>**3. ഡവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എറണാകുളം ഡിസ്ട്രിക്റ്റ് (പദ്ധതി തുക ഏഴ് കോടി രൂപ).** |

സെക്ഷൻ ഓഫീസർ